# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 378 02.12.2014-ൽ മറുപടിയ്ക്ക്

## കൂടംകുളം വൈദ്യുത പദ്ധതി

ചോദ്യം

ശ്രീ. എ. കെ. ബാലൻ :

(എ) കൂടംകുളത്ത് നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടമൺ - കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണത്തിൻെറ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈനിൻെറ ഏതെല്ലാം ഭാഗങ്ങളിലെ പണി പൂർത്തിയായി ; ഇത് ലൈനിൻെറ ആകെ നീളത്തിൻെറ എത്ര ശതമാനം വരും ; ഇപ്പോൾ ലൈനിൻെറ ഏതെങ്കിലും ഭാഗങ്ങളിൽ പണി നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി തിരുനെൽവേലി മുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ ടി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുകാരണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് 19-08-2014-ൽ (എം. എസ്) 27/14/ഊ.വ പുറപ്പെടുവിക്കുകയും പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. കൂടാതെ പ്രസ്തുത നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.11.2014 -ൽ ആക്ഷൻ കൗൺസിൽ പ്രതിനിധികളുമായി ചർച്ച നടത്തുകയും പ്രസ്തുത ലൈൻറൂട്ടിലെ ജനങ്ങളുടെ സഹകരണത്തോടെ രമ്യമായ പരിഹാരം കണ്ടെത്തുന്നതിനായി 04-12-2014-ൽ വീണ്ടും യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) ലൈൻ നിർമ്മാണത്തിൻെറ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

| | Unit | Districts | | | | Total | % completion |
|---|---|---|---|---|---|---|---|
| | | Kollam | Pathanamthitta | Kottayam | Ernakulam | | |
| Line Length | Kms | 22 | 51 | 47 | 28 | 148 | |
| Progress | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| Check Survey | Kms | 22/22 | 48/51 | 28/47 | 28/28 | 126/148 | 85 % |
| Foundations | Nos | 52/63 | 11/153 | 15/137 | 81/85 | 159/438 | 36 % |
| Tower Erection | Nos | 21/63 | 0/152 | 3/137 | 64/85 | 88/438 | 20 % |
| Stringing | Kms | 0/22 | 0/51 | 0/47 | 9.7/28 | 9.7/48 | 7% |

(സി) ഈ മേഖലയിലെ ഭൂ ഉടമകൾക്ക് സർക്കാർ നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(സി) സർക്കാരിന്റെ G.O. (MS) No.27/2014/PD dated 19.08.2014 പ്രകാരം 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ഡി) ലൈൻ കടന്നു പോകുന്ന ഭാഗത്തെ എത്ര ഭൂഉടമകൾക്കാണ് നഷ്ടപരിഹാരം നൽകേണ്ടത് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എത്രപേർ ഇതിനകം നഷ്ടപരിഹാരം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ഇല്ല. എറണാകുളം ലാൻറ് അക്വിസിഷൻ യൂണിറ്റിന്റെ പരിധിയിൽ വരുന്ന പ്രദേശത്ത് 213 പേർക്ക് വൃക്ഷങ്ങളുടെ വിലയും 58 പേർക്ക് വസ്തു സംബന്ധിച്ച നഷ്ടപരിഹാരവും നല്കി. പത്തനംതിട്ട ലാൻറ് അക്വിസിഷൻ യൂണിറ്റ് 106 പേർക്ക് വൃക്ഷങ്ങളുടെ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്.

(ഇ) എത്ര നാളായി ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ മുടങ്ങിക്കിടക്കുന്നു ; ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണ് ;

(എഫ്) നിർമ്മാണം പൂർത്തിയാക്കാൻ എന്തെല്ലാം അടിയന്തിര നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഇ) & (എഫ്) 400 കെ. വി. ഇടമൺ-കൊച്ചി ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം 2011 മുതൽ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയാണ്. ഇത് പരിഹരിക്കുവാൻ ഗവൺമെൻറ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും അതിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടന്നു വരുകയും ചെയ്യുന്നു. കൂടാതെ പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം ജില്ലാ ഭരണകൂടത്തിനോട് പ്രസ്തുത ലൈൻ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 400 കെ. വി. ഇടമൺ - കൊച്ചി ലൈൻ നിർമ്മാണത്തിന് പി.ജി.സി.ഐ. എൽ-നെ സഹായിക്കുന്നതിനു വേണ്ടി ഒരു ' സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ' ടീമും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**